# മണലൂരിന് ഒരു മാനിഫെസ്റ്റോ

## മണലൂർ നിയോജക മണ്ഡലം
## യു.ഡി.എഫ് മാനിഫെസ്റ്റോ



# മണലൂരിന് ഒരു മാനിഫെസ്റ്റോ

മണലൂരിന് നിവർന്നുനിൽക്കാൻ കഴിയണം. അതിനു ഒരതിജീവനമാർഗ്ഗം വേണം. കേരളത്തിന്റെ ചരിത്രത്തിൽ നാം മാനിഫെസ്റ്റോകൾ അഥവാ പ്രകടനപത്രികകൾ ധാരാളമായി കണ്ടിട്ടുണ്ട്.

ഇത് ഒരു മണ്ഡലത്തിനുള്ള മാനിഫെസ്റ്റോയാണ്. ഐക്യജനാധിപത്യമുന്നണി തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ആദ്യമായി ഒരു മണ്ഡലത്തിന്റെ വികസനത്തിന് ഒരു മാനിഫെസ്റ്റോ തയ്യാറാക്കുകയാണ്. ഇതിൽ പറഞ്ഞതെല്ലാം നടപ്പാൻവേണ്ടിയാണെന്ന് ഞങ്ങൾ വാക്കുതരുന്നു.

രാഷ്ട്രീയമായും സാമൂഹികമായും വലിയ ചരിത്രവും സംസ്കാരവുമുള്ള നിയമസഭാമണ്ഡലമാണ് മണലൂർ. എന്നാൽ അതിന്റെ വികസനചരിത്രം തീർത്തും നിരാശാജനകമാണ്. കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വികസന മുരടിപ്പിന്റെ ദയനീയ ചിത്രമാണ് മണലൂർ സമ്മാനിക്കുന്നത്. മറ്റു നിയമസഭാമണ്ഡലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മണലൂരിന്റെ ഈ വികസനമില്ലായ്മ വേഗത്തിൽ ബോദ്ധ്യമാവും.

ഈ മണ്ഡലത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും വിഭവസമാഹരണവും മുൻനിർത്തി വേണം ക്രമാനുഗതമായ വളർച്ചക്ക് ഒരു തീവ്ര വികസന പരിപാടി നടപ്പാക്കേണ്ടത്. ഉല്പാദനമേഖലയിലെ മുരടിപ്പും മറ്റു മേഖലകളുടെ വളർച്ചക്കുറവും, ജനജീവിതത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇച്ഛാശക്തിയും സമർപ്പണബോധവുമുള്ള നേതൃത്വത്തിന്റെ അഭാവം മൂലം വർഷങ്ങളായി അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽപോലും കുറ്റകരമായ അലംഭാവം ഉണ്ടായിട്ടുണ്ട്. വ്യക്തമായ പഠനം, കൃത്യമായ ആസൂത്രണം, സമയബന്ധിതമായ നിർവ്വഹണം എന്നിവ പദ്ധതി നടപ്പാക്കുമ്പോൾ പ്രധാനമാകുന്നു.

കാനോലിക്കനാൽ, കോൾപടവുകൾ, അറബിക്കടൽ എന്നിവ അതിരുകളായി നിൽക്കുന്ന മണലൂരിൽ കേരം, നെല്ല്, മീൻ എന്നിവ പ്രധാനപ്പെട്ട വിഭവങ്ങളാണ്. കാർഷിക വിളവുകളും, മത്സ്യബന്ധനവും, ഉൾനാടൻ മത്സ്യബന്ധനവും, ചെറുകിട നിർമ്മാണശാലകളും, ചെറിയ വ്യാപാരസ്ഥാപനങ്ങളും ചേർന്നതാണ് മണലൂരിന്റെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം. സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, വിദഗ്ദ്ധ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, പീടിക തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവർ ഉൾപ്പെടുന്നതാണ് ഇവിടത്തെ തൊഴിൽമേഖല. അതോടൊപ്പം പ്രവാസികളുടെ ഗണ്യമായ സ്വാധീനവും ചില മേഖലകളിലുണ്ട്. നെല്ലിനും തെങ്ങിനും കാർഷിക വിഭവങ്ങൾക്കും പറ്റിയ മണ്ണുണ്ടെങ്കിലും ശുദ്ധജല ലഭ്യത കുറവാണ്. അതുപോലെ വിദ്യാഭ്യാസ രംഗം ഹയർസെക്കണ്ടറി കഴിഞ്ഞാൽ വഴിമുട്ടി നിൽക്കുന്നു. തൊഴിൽമേഖലയും ചെറുകിട വ്യാപാരമേഖലയും സ്തംഭനാവസ്ഥയിലാണ്.

മണലൂരിന് അനുയോജ്യമായ ഒരു വികസനമാതൃകയോ, പദ്ധതിയോ ഇതുവരെ വിഭാവനം ചെയ്തിട്ടില്ല. കേരം, നെല്ല്, മീൻ എന്നിവയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഒരു മൂല്യവർദ്ധിത പദ്ധതിയും ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മണലൂരിന്റെ സമഗ്രമായ വളർച്ചക്ക് ആറ് മേഖലകളിൽ അടിയന്തിരമായ നടപടികൾ അനിവാര്യമായിരിക്കുന്നു.

1. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം
2. ശുദ്ധജല ലഭ്യത

3. കാർഷിക വിളകളുടെ സംരക്ഷണം, വിപണനം
4. തൊഴിൽ മേഖലയുടെ അടിയന്തിര വികാസം, യുവാക്കളുടേയും സ്ത്രീകളുടേയും തൊഴിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ
5. ആരോഗ്യരംഗത്തെ ജീർണ്ണാവസ്ഥയ്ക്ക് പരിഹാരം തേടൽ
6. മത്സ്യബന്ധനമേഖലയുടെ ആധുനികവൽക്കരണം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും സർക്കാരുകളും പ്രാദേശികമായി രൂപീകരിക്കപ്പെടുന്ന വികസന മേൽനോട്ട സമിതികളും ചേർന്നാണ് ഞങ്ങൾ മണലൂരിന് ഒരു വികസനപദ്ധതി രൂപീകരിക്കുന്നത്. ഇതിൽ വികസന മേൽനോട്ട സമിതികൾ എം.എൽ.എ.യുടെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെടുക. വികസന മേൽനോട്ട സമിതികൾ ഏതു പദ്ധതിയുടേയും നിർവ്വഹണം, നിർവ്വഹണ കാലാവധി, നിർവ്വഹണ സ്വഭാവം എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകാൻ കഴിയുന്ന ജാഗ്രതാ സമിതികളാണ് ഏതു പദ്ധതിയും അതിന്റെ കാലാവധിക്കനുസരിച്ച് പൂർത്തിയാക്കാനുള്ള ജനകീയ സമ്മർദ്ദത്തിന്റെ വാഹനമാണ് വികസന മേൽനോട്ടസമിതികൾ.

മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ ഒരു ആസൂത്രണസമിതി രൂപീകരിക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു. പുതിയൊരു വികസന മാതൃക ജനങ്ങളുടെ മുമ്പിൽവെക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

പ്രാഥമികമായ നോട്ടത്തിൽ പരമ്പരാഗതമായ കാർഷിക വ്യവസ്ഥക്കുപുറമേ, മണലൂരിന് വികസിപ്പിക്കാവുന്ന ഏറ്റവും സുപ്രധാനമായ മേഖല ടൂറിസമാണ്. ഈ വഴിക്കുള്ള ആലോചനകൾ ഉടനടി ഉണ്ടാകണം. കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കാൻ ടൂറിസാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് കഴിയും. ഇതിനോടൊപ്പം വിവിധ മേഖലകളിൽ നൈപുണി പരിശീലന കാമ്പയിനും ആരംഭിക്കേണ്ടതുണ്ട്. തൊഴിൽ ദാതാക്കളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തിവേണം തൊഴിൽ പരിശീലനകോഴ്സുകൾ ആരംഭിക്കേണ്ടത്.

# അടിസ്ഥാന സൗകര്യവികസനം

## മണലൂർ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ കൊണ്ടുവരും.

## ഹൈവേ ടു ഹൈവേ കോറിഡോർ

ഇത് രണ്ടു ഹൈവേകളുമായി മണ്ഡലത്തെ ബന്ധപ്പെടുത്തുന്ന ബൃഹദ് പദ്ധതിയാണ്. മണ്ണുത്തി മുതൽ വാടാനപ്പിള്ളി വരെ ഒരു കോറിഡോറും, മണ്ണുത്തി – ഒളരി – അഞ്ചാംകല്ല് വരെ എത്തുന്ന മറ്റൊരു കോറിഡോറുമാണ് അടിസ്ഥാനലക്ഷ്യം. രണ്ടു ഹൈവേകളേയും ബന്ധിപ്പിക്കുന്ന ഈ റോഡുവികസനം മണലൂരിനു ഗുണകരമാവും.

## തൃശൂർ–അരിമ്പൂർ–കണ്ടശ്ശാംകടവ് റോഡ് വീതികൂട്ടൽ

മണലൂർ മണ്ഡലത്തെ രണ്ടു ദേശീയപാതകളുമായി ബന്ധിപ്പിക്കാൻ കഴിയുന്ന ഈ റോഡുകളുടെ വികസനം അടിയന്തിരമായി നടപ്പിലാക്കിയാൽ മണലൂരിന്റെ മുഖച്ഛായ തന്നെ മാറും.

**തൃശൂർ – വാടാനപ്പിള്ളി റോഡ് നിർമ്മാണം** അനിശ്ചിതമായി നീണ്ടുപോവുകയാണ്. ഈ റോഡ് വീതി കൂട്ടി പുതിയ ഹൈവേയുമായി യോജിപ്പിക്കാനുള്ള അടിയന്തിര നടപടികൾക്ക് തുടക്കം കുറിക്കണം. ഇതിനായി കണ്ടശ്ശാംകടവ് പാലത്തിനു സമാന്തരമായി ആലുവാ പാലം മാതൃ

കയിൽ മറ്റൊരു പാലം കൂടി നിർമ്മിക്കണം. കണ്ണോത്ത് പുല്ല റോഡിന്റെ മൂന്നര കിലോമീറ്റർ ദൂരം പത്തുകൊല്ലമായി ടാർ ചെയ്തിട്ടില്ല. ടാറിങ്ങ് കഴിഞ്ഞാൽ 30 മിനിറ്റുകൊണ്ട് അഞ്ചാംകല്ലിൽനിന്ന് പുളിക്കക്കടവ് പാലം കടന്ന് തൃശൂരിലെത്താം. വഴിമുട്ടി നിൽക്കുന്ന ഈ വികസനം നാം യാഥാർത്ഥ്യമാക്കും. മണ്ഡലത്തിലെ ഗതാഗത നെറ്റ് വർക്ക് ശോച്യാവസ്ഥയിലാണ്. വളരെ വീതി കുറഞ്ഞതും നിരവധി വളവുകളുമുള്ള റോഡുകളാണുള്ളത്. റോഡുകളോടനുബന്ധിച്ചുള്ള പാർക്കിങ്ങ് ഏരിയ തീരെയില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം ബസ് സ്റ്റോപ്പുകളുടെ അശാസ്ത്രീയതയാണ്. ഒരിടത്തും ബസ്ബേ ഇല്ല. അപകടങ്ങൾ കുറയ്ക്കാനും ബസ്സുകളിൽ സുഗമമായി കയറാനും ഇറങ്ങാനും ട്രാഫിക് സുഗമമാക്കാനും ബസ്ബേകൾ അനിവാര്യമാണ്. കഴിയുന്നത്ര സ്റ്റോപ്പുകളിൽ ബസ്സ് ബേ സ്ഥാപിക്കുമെന്ന് ഉറപ്പ് നൽകുന്നു. അതുപോലെ ടാക്സി സ്റ്റാൻഡുകളുടേയും ഓട്ടോ സ്റ്റാൻഡുകളുടേയും കാര്യത്തിൽ ഭരണകൂടം, കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നത്. അവർക്ക് കൃത്യമായ പാർക്കിംഗ് ഏരിയകളും ശൗചാലയങ്ങളും ആവശ്യമായിരിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തുകളുമായി ആലോചിച്ച് നാം നടപടികൾ ആരംഭിക്കും. ഉൾനാടൻ റോഡുകളുടെ ടാറിങ്ങ് കാര്യത്തിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായം തേടും.

## കേച്ചേരി സെന്റർ വികസനം

ഗതാഗതക്കുരുക്ക് നിത്യശാപമായ കേച്ചേരി സെന്ററിന്റെ വികസനം വിവിധ ജനപ്രതിനിധികളും വ്യാപാരമേഖലയിലെ പ്രവർത്തകരുമായി കൂടിയാലോചിച്ച് സഫലീകരിക്കും. മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള സംസ്ഥാനപാതയുടെ ഈ ഭാഗം വലിയ തോതിൽ ഗതാഗതതടസ്സത്തിനു കാരണമാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ മുൻകയ്യെടുക്കും.

## ഏനാമ്മാവ് റഗുലേറ്റർ സ്ഥിരം സംവിധാനം അനിവാര്യം

ഏനാമ്മാവ് റഗുലേറ്റർ അടിയന്തിര പരിഗണന അർഹിക്കുന്നു. ഉപ്പുവെള്ളം തടയാൻ ഒരു സ്ഥിരം സംവിധാനം അവിടെ ആവശ്യമാണ്. ഈ മേഖലയെ ടൂറിസം പദ്ധതികളുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കാൻ കഴിയണം. പഞ്ചായത്തിൽനിന്ന് ഡി.ടി.പി.സി. ഏറ്റെടുത്ത പാർക്കിന്റെ പ്രവർത്തനം മെച്ചപ്പെട്ടതല്ല. അവിടേയും നവീകരണം ആവശ്യമാണ്.

ഏനാമ്മാവ് റെഗുലേറ്റർ സംബന്ധിച്ച് കർഷകരും സാങ്കേതിക വിദഗ്ദ്ധരും ചേർന്ന് കൂടിയാലോചന നടത്തി നവീകരണത്തിന് തുടക്കം കുറിക്കും. ഏനാമാക്കൽ, ഇടിയൻചിറ ഷട്ടറുകളുടെ യന്ത്രവൽക്കരണം കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കേണ്ടതുണ്ട്.

## മാർക്കറ്റ് നവീകരണം

മണ്ഡലത്തിലെ വിവിധ മാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച് വ്യക്തമായ പദ്ധതി തയ്യാറാക്കും. മാർക്കറ്റുകളുടെ ശുചിത്വം ഉറപ്പുവരുത്താൻ പദ്ധതിയിൽ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാകും. മാലിന്യ നിർമ്മാർജ്ജനത്തിന് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കും. പ്ലാസ്റ്റിക് രഹിത കേന്ദ്രമായി മണലൂരിനെ മാറ്റിയെടുക്കാൻ ശ്രമം തുടങ്ങും.

## സോളാർ കാമ്പയിൻ

അനെർട്ടുമായി സഹകരിച്ച് മൂന്ന് കിലോവാട്ടിന്റെ സൗരോർജ്ജപദ്ധതി മണ്ഡലത്തിൽ വ്യാപകമാക്കും. ഇതിനു സബ്സിഡിയും ലഭ്യമാക്കും. ടൂറിസം കേന്ദ്രങ്ങളിലും സൗരോർജ്ജ പദ്ധതി നടപ്പിലാക്കാൻ ഏജൻസികളുടെ സഹായം തേടും.

# കാർഷികമേഖല

മണലൂർ തൃശൂരിന്റെ നെല്ലറയാണ്. കോൾപാടങ്ങൾ കേന്ദ്രീകരിച്ച് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുണ്ട്. കോൾപാടങ്ങളുടെ വരമ്പുകളെല്ലാം ഗതാഗതയോഗ്യമാക്കുക എന്നതാണ് കർഷകർ പ്രധാനമായി ഉന്നയിക്കുന്ന ആവശ്യം. ഇക്കാര്യം നടപ്പിൽ വരുത്തണം.

## മണലൂർ ബ്രാന്റ്

അടിസ്ഥാന സൗകര്യങ്ങളോടൊപ്പം മണലൂർ ബ്രാന്റ് എന്ന പേരിൽ ജൈവ അരി വിപണനം ചെയ്യാനുള്ള വേദിയുണ്ടാക്കും. ഒർഗാനിക കർഷകരുമായി ചർച്ച ചെയ്താണ് ഇക്കാര്യം നടപ്പിലാക്കുക. നിയമസഭാംഗവും കർഷകരും ചേർന്ന് ആ വർഷം കോൾ മേഖലയിൽ ചെയ്യേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യും. പാടശേഖരസമിതി നേതാക്കാളും അതിൽ പങ്കുചേരും.

## കർഷകസംഗമം

മണ്ഡലത്തിലെ കർഷകരുടെ സംഗമം എം.എൽ.എ.യുടെ നേതൃത്വത്തിൽ എല്ലാവർഷവും നടത്തും. അതിൽ കാർഷികമേഖലയിൽ സ്വീകരിക്കേണ്ട പുതിയ കാര്യങ്ങളെക്കുറിച്ച് കാർഷിക വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും.

## സ്മാർട്ട് കേര പ്ലാന്റ്

കേരം ബോർഡും, മറ്റു നാളികേര ഗവേഷണകേന്ദ്രങ്ങളുമായി സഹകരിച്ച് പഴയ തെങ്ങുകൾ മാറ്റി പുതിയ തൈകൾ നടുന്നതിന് പദ്ധതി തുടങ്ങും. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി സാധ്യതാപഠനം നടത്തും.

## ഇളനീർ ഗ്രാമം

തുടക്കത്തിൽ പഞ്ചായത്തിലും ഓരോ വാർഡുകൾ തിരഞ്ഞെടുത്ത് കരിക്ക് ഉല്പാദിപ്പിക്കാനുള്ള "ഇളനീർ ഗ്രാമം" പദ്ധതി തുടങ്ങും. ഇതിനായി അത്യുല്പാദനശേഷിയുള്ള ഹൈബ്രിഡ് തൈകൾ വിതരണം ചെയ്യും. ഇതിനായി നാളികേരബോർഡിനു പ്രത്യേക പ്രൊജക്റ്റ് നൽകും. മണലൂരിൽ ധാരാളമായി കാണുന്ന ചെന്തെങ്ങ് കരിക്ക് വ്യാപകമാക്കും. ഇത്തരം കൃഷിക്ക് കാർഷിക വിദഗ്ദ്ധരുടെ സഹായം തേടും. കേര കർഷകർക്ക് കൂടുതൽ വരുമാനം കണ്ടെത്താനുള്ള പദ്ധതിയായി ഇത് വികസിപ്പിക്കുകയാണ് ലക്ഷ്യം.

## മട്ടുപ്പാവ് കൃഷി

മട്ടുപ്പാവ് കൃഷിക്ക് തയ്യാറാവുന്നവർക്ക് ഗ്രോബാഗും വിത്തുകളും നൽകും.

## ഔഷധസസ്യകൃഷി

വരുമാനമുണ്ടാക്കാൻ കഴിയുന്ന മേഖലയാണിത്. കേന്ദ്ര ഔഷധസസ്യപ്ലാന്റേഷൻ ബോർഡിന്റെ സഹായത്തോടെ നടപ്പാക്കും.

## മനക്കൊടി നേന്ത്രൻ

അരിമ്പൂർ പഞ്ചായത്തിലെ മനക്കൊടി കായയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി എടുക്കും. മനക്കൊടി നേന്ത്രക്കായ ബ്രാന്റ് ചെയ്യണം. ഇത് ചെങ്ങാലിക്കോടൻ നേന്ത്രക്കായയെ

പോലെ പുഷ്ടിയും ഐശ്വര്യവുമുള്ള നേന്ത്രവാഴയാണ്. ഓണക്കാലത്ത് കർഷകർക്ക് ഇതിന്റെ വില്പന നടത്താൻ ഒരു പൊതു വിപണനകേന്ദ്രം ഉണ്ടാകണം. മനക്കൊടി നേന്ത്രന്റെ ഗുണഗണങ്ങളെക്കുറിച്ച് വ്യാപകമായ പ്രചരണം നടത്തും.

### നാട്ടുചന്തകൾ

മണലൂരിന്റെ ഐശ്വര്യമായിരുന്ന നാട്ടുചന്തകൾ തിരികെ കൊണ്ടുവരും. എല്ലാ പഞ്ചായത്തുകളിലുമായി 25 നാട്ടുചന്തകളാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ നിയന്ത്രണം കർഷകരുടെ നേതൃത്വത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റികൾക്കാവും. നാട്ടുചന്തകളുടെ ആഭിമുഖ്യത്തിൽ ഓരോ ആഴ്ചയിലും വിപുലമായ ആഴ്ചച്ചന്തകളും നടത്തും. കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യവും, കരകൗശലവസ്തുക്കളും വീട്ടുപകരണങ്ങളും എല്ലാം ഉൾപ്പെടുത്തിയിട്ടുള്ള ആഴ്ചച്ചന്തകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## ശുദ്ധജല ലഭ്യത

### മണലൂരും ശുദ്ധജല ലഭ്യതയും

കുടിവെള്ളത്തിന്റെ കാര്യത്തിൽ ഈ മണ്ഡലം, തികഞ്ഞ അവഗണനയാണ് നേരിടുന്നത്. എളവള്ളി പഞ്ചായത്തിലെ ജലനിധി പദ്ധതി മാത്രം നോക്കിയാൽ മതി. ഇപ്പോഴും അത് പൂർണ്ണമായി പ്രവർത്തനക്ഷമമല്ല. പല സന്ദർഭങ്ങളിലും ജനങ്ങൾക്ക് ലഭിക്കുന്നത് ഉപ്പുവെള്ളമാണ്. വെങ്കിടങ്ങ് പഞ്ചായത്തിന് സമഗ്രമായ കുടിവെള്ള പദ്ധതി ആവശ്യമാണ്. മിക്ക വാർഡുകളിലും കുടിവെള്ളം ലഭിക്കുന്നില്ല. മുല്ലശ്ശേരിയുടെ ചില മേഖലകളും ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

പഞ്ചായത്തുകളിലെ കുടിവെള്ളലഭ്യത സംബന്ധിച്ച് ഒരു സർവ്വേ നടത്തും. കുടിവെള്ളത്തിലെ ലഭ്യത സംബന്ധിച്ച പ്രത്യേകമായ റിപ്പോർട്ട് തയ്യാറാക്കും. മണലൂർ മുതൽ വാട്ടർ ഹാർവെസ്റ്റിങ്ങ് സംബന്ധിച്ചുള്ള സാധ്യതകളും ഈ സർവ്വേയിൽ ഉൾപ്പെടുത്തും. അറപ്പത്തോട് നവീകരണത്തിന് സ്ഥിരം സംവിധാനം ആവശ്യമാണ്. കോലുമാട് കുടിവെള്ള പദ്ധതി, ജല ഓഡിറ്റിങ്ങിനു വിധേയമാക്കണം. തടസ്സങ്ങൾ ഒഴിവാക്കി പദ്ധതിക്ക് പുതിയൊരു രൂപകല്പന ആവശ്യമുണ്ട്. നടുവിൽക്കര – പൊക്കാഞ്ചേരി ശുദ്ധജലവിതരണപദ്ധതിയും സമ്പൂർണ്ണ നവീകരണം ആവശ്യപ്പെടുന്നുണ്ട്.

ജലജീവൻ പദ്ധതിയുമായി വിവിധ കുടിവെള്ള പദ്ധതികളെ കൂട്ടിയോജിപ്പിക്കാൻ കഴിയുമോ എന്നു ശ്രമിക്കേണ്ടതുണ്ട്. കൂടുതൽ ജലക്ഷാമം നേരിടുന്ന സ്ഥലങ്ങൾ മാപ്പ് ചെയ്ത് അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ പഞ്ചായത്തുകളുമായി ചേർന്ന് ഒരു ഏകോപനസമിതി രൂപീകരിക്കും. ജനത്തിരക്കുള്ള പൊതു ഇടങ്ങളിൽവെച്ച് സ്റ്റോപ്പുകളോട് ചേർന്ന് വാട്ടർ എ.ടി.എം. സ്ഥാപിക്കാൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ അടിയന്തിരമായി ശ്രമിക്കും.

## ആരോഗ്യരംഗം

### തകർന്ന ആരോഗ്യരംഗത്തിനു പുനർജീവനപദ്ധതി

മണ്ഡലത്തിലെ ആരോഗ്യസംവിധാനം പാടെ തകർന്നിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമാത്രമല്ല, ഡോക്ടർമാരുടെ സേവനവും മരുന്നുകളും കിടത്തിചികിത്സയും പാവപ്പെട്ട രോഗി

കൾക്ക് നിഷേധിക്കപ്പെടുന്നു. മണലൂർ പഞ്ചായത്തിലെ കാരമുക്ക് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ അവസ്ഥ തന്നെ കാണുക. എല്ലാ ആരോഗ്യകേന്ദ്രങ്ങളും അടിസ്ഥാന സൗകര്യം കാത്തുകിടക്കുന്നു. ഡോക്ടർമാരുടെ കുറവും അലട്ടുന്നു. മരുന്നുകൾ തീരെയില്ല. ലാബുകൾ, എക്സ്റേ എന്നിവ പ്രവർത്തിക്കുന്നില്ല.

## രണ്ട് ഡയാലിസിസ് കേന്ദ്രങ്ങൾ

മണലൂർ മണ്ഡലത്തിൽ പാവപ്പെട്ട രോഗികൾക്കുവേണ്ടി ഡയാലിസിസ് സെന്ററുകൾ ഇല്ല എന്നു പറയാം. ഇക്കാര്യത്തിൽ വ്യക്തമായൊരു പദ്ധതി രൂപപ്പെടുത്തണം. വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ മണ്ഡലത്തിന്റെ പ്രധാനപ്പെട്ട ഒന്നോ രണ്ടോ കേന്ദ്രത്തിൽ ഡയാലിസിസ് സെന്ററുകൾ തുറക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു. ഓരോ പഞ്ചായത്തിലുമുള്ള ആരോഗ്യകേന്ദ്രങ്ങളുടെ അവസ്ഥകൾ പഠിക്കാൻ ഒരു ഹെൽത്ത് മോണിറ്ററിംഗ് സമിതിയുണ്ടാക്കും.

## ഒരു കൈ സഹായം

കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ജീവൻരക്ഷാമരുന്നുകൾ നൽകുന്ന പദ്ധതി. വ്യക്തികൾ, സംഘടനകൾ, മരുന്നുനിർമ്മാണ കമ്പനികൾ, മൊത്തവിതരണ ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കും. ഇതിനുവേണ്ടി ഒരു സന്നദ്ധ ഗ്രൂപ്പിനെ നിയോഗിക്കും. ഈ സേവനം അർഹതപ്പെട്ടവർക്ക് എത്തിക്കാൻ യുവാക്കളുടെ ഒരു മൊബൈൽ വളണ്ടിയർ ഗ്രൂപ്പ് രൂപീകരിക്കും.

# ടൂറിസം

## മണലൂരിന് പിടിച്ചുകയറാൻ ടൂറിസം

ടൂറിസം മണലൂരിന് സ്വീകരിക്കാവുന്ന ഏറ്റവും നല്ല വളർച്ചാമന്ത്രം ടൂറിസം തന്നെ. ആലപ്പുഴ പോലെ കനോലിക്കനാലിന്റെ സൗന്ദര്യം പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുംവിധം കായൽ ടൂറിസം ശക്തമാക്കാൻ കഴിയണം. ഹൗസ് ബോട്ടുകൾ, ഫുഡ് പാർക്കുകൾ, ഹോംസ്റ്റേകൾ, തെങ്ങിൻതോപ്പുകളിലെ റിസോർട്ടുകൾ, കോട്ടേജുകൾ, കനോലി വാട്ടർ സ്കീയിങ്ങ് എന്നിവ തികച്ചും സാധ്യമാണ്.

കാരമുക്ക് ചിദംബരം ക്ഷേത്രം, കണ്ടശ്ശാംകടവ് പള്ളി, ഗണേശമംഗലം ബീച്ച്, പാവറട്ടി പള്ളി, പാലയൂർ പള്ളി, എളവള്ളി ദാരുശില്പങ്ങൾ, കണ്ടാണശ്ശേരി മുനിയറകൾ എന്നിവയൊക്കെ കോർത്തിണക്കി ഹെറിറ്റേജ് ടൂറും നമുക്ക് സാധ്യമാണ്.

റിസോർട്ടുകൾക്ക് റെയിൻ (മഴ) ടൂറിസവും കോൾപാടങ്ങളേയും കനോലിക്കനാലിനേയും കോർത്തിണക്കി, പക്ഷിനിരീക്ഷണത്തിനു സാധ്യതയൊരുക്കി ഇക്കോ ടൂറിസവും നടപ്പാക്കാം. ഈ മേഖല മണലൂരിന് ജീവിക്കാനുള്ള വഴി നൽകും.

സ്വാഭാവികമായി വികസിപ്പിക്കാവുന്ന മേഖലയാണ് ടൂറിസം. കനോലിക്കനാലും അറബിക്കടലും കോൾപടവുകളും ചേർന്ന് സവിശേഷമായൊരു ഭൂപ്രകൃതി മണലൂരിനുണ്ട്.

## മനക്കൊടി – പുള്ള് മേഖലയിലെ അഗ്രികൾച്ചറൽ ടൂറിസം

ഇപ്പോൾ ഇവിടെ ഞായറാഴ്ച ദിനങ്ങളിൽ ഡൊമസ്റ്റിക് ടൂറിസം ഒരളവോളം നടക്കുന്നുണ്ടെങ്കിലും അതിനൊരു ഏകോപന പദ്ധതി അനിവാര്യമാണ്. പക്ഷിനിരീക്ഷണം, കൃഷിപ്പാട സന്ദർശ

നം, സെൽഫി പോയിന്റ്, മ്യൂസിക് പ്രോഗ്രാമുകൾ, ഫുഡ് സ്ട്രീറ്റ്, ബോട്ടിംഗ് എന്നിവ കുറച്ചുകൂടി ശ്രദ്ധയോടെ ആസൂത്രണം ചെയ്യാം. ഇവിടത്തെ ചെറിയ ഭക്ഷണകടകൾക്കു പകരം വൃത്തിയും വെടിപ്പുമുള്ള ഫുഡ് സ്ട്രീറ്റ് ആവശ്യമാണ്. ജൈവ അരി കൗണ്ടർ, കരകൗശല കൗണ്ടർ എന്നിവ ഇവിടെ തുറക്കാവുന്നതാണ്. പക്ഷി നിരീക്ഷണത്തിന് പാടശേഖരങ്ങളിലെ ഇടറോഡുകളിൽ ചെറിയ വാച്ച് ടവറുകൾ സ്ഥാപിക്കാം. വൈകീട്ട് മനക്കൊടിയിൽ സോളാർലൈറ്റ് സജ്ജീകരിക്കണം. പണം നിക്ഷേപിച്ചാൽ വെള്ളം കിട്ടാവുന്ന വാട്ടർ എ.ടി.എം. ഇവിടെ സ്ഥാപിക്കാം.

# വാട്ടർ ടൂറിസം

## കനോലി കനാൽ വാട്ടർ ടൂറിസം

കനോലി കനാലിന്റെ തീരങ്ങളിൽ പുതിയ ഹോംസ്റ്റേകൾക്ക് പ്രോത്സാഹനം നൽകും. കനോലികനാലിൽ ഫ്ളോട്ടിങ്ങ് ഫുഡ് റെസ്റ്റോറന്റുകൾക്ക് വലിയ സാധ്യതയുണ്ട്. പ്രതിദിന ടൂറുകൾക്ക് പറ്റിയ വിധത്തിൽ പുതിയ ബോട്ടുകൾ ഉണ്ടാകണം. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട അതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങും.

ഡൊമസ്റ്റിക് ടൂറിസം പ്രോത്സാഹിപ്പിക്കും. കണ്ണോത്ത് – പുല്ല കോർണിഷ് പാതയോട് ചേർന്ന് ഫുഡ് സ്ട്രീറ്റുകൾ തുടങ്ങാൻ സൗകര്യങ്ങൾ ഏർപ്പെടുത്തും. പക്ഷിനിരീക്ഷണത്തിനായി വാച്ച് ടവറുകൾ സ്ഥാപിക്കും. എക്കോ ടൂറിസത്തിന് പദ്ധതികൾ കൊണ്ടുവരും.

കണ്ടശ്ശാംകടവ് ബോട്ട് ജെട്ടി നവീകരിക്കും. അവിടെ ഫുഡ് പാർക്ക് സ്ഥാപിക്കും. കുടുംബങ്ങൾക്ക് സായാഹ്നം ചെലവഴിക്കാൻ കഴിയുന്ന വിധത്തിൽ പാർക്ക് നവീകരിക്കും.

## സ്വകാര്യമേഖലയിൽ ഫുഡ്പാർക്കുകൾ

സ്വകാര്യ യുവസംരംഭകരുമായി കൈകോർത്ത് ടൂറിസം മേഖലയിൽ ഫുഡ് പാർക്കുകൾ ലക്ഷ്യമിടുന്നു. കോൾപാടങ്ങളോട് ചേർന്ന് ബാലി മോഡൽ ഫുഡ് പാർക്കുകൾ, ബേർഡ് വാച്ചേഴ്സ് ടവറുകൾ, ഫോട്ടോഷൂട്ട് ഫ്ളോർ എന്നിവ ആകർഷകമായി ഒരുക്കേണ്ടതുണ്ട്. കേരള വിഭവങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്ന ഈ പദ്ധതി, മണ്ഡലത്തിലെ യുവാക്കൾക്ക് വേണ്ടിയുള്ള പദ്ധതി എന്നിവ പ്രത്യേക വർക്ക്ഷോപ്പ് നടത്തിയാണ് സ്ഥാപിക്കുക.

## സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ – തൊഴിൽ മേഖലയുടെ വികാസം

തൊഴിൽ സംരംഭങ്ങളുടെ അഭാവംകൊണ്ട് ഈ മണ്ഡലം നേരിടുന്ന പരമപ്രധാനമായ പ്രശ്നം സ്ത്രീകളുടേയും യുവാക്കളുടേയും തൊഴിലില്ലായ്മയാണ്. കേരളം മുഴുവനും ഈ പ്രശ്നം നേരിടുന്നു.

## തൊഴിൽ മേളകൾ

എല്ലാ പഞ്ചായത്തുകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. പ്രവാസികളുടെ സഹകരണത്തോടെ, വിവിധ സ്ഥാപനങ്ങളുടെ റിക്രൂട്ടിങ്ങ് പദ്ധതികൾ നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കും.

## സ്ത്രീകൾക്ക് പ്രത്യേക തൊഴിൽ പദ്ധതി

പ്രധാനമായും സ്ത്രീകൾക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താനും പരിശീലനം നൽകാനും ശ്രമിക്കും. സ്ത്രീകൾക്ക്, ഗാർമെന്റ് നിർമ്മാണം, കരകൗശല നിർമ്മാണം, കമ്പ്യൂട്ടർ പരി

ജ്ഞാനം, ഡി.ടി.പി., ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും. പുതിയ മാർക്കറ്റിങ്ങ് രീതികളെക്കുറിച്ച് പരിചയപ്പെടുത്താൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കും. പുതിയ തൊഴിൽ മേഖലകളെ പരിചയപ്പെടുത്താൻ യുവാക്കൾക്കായി 'മൈജോബ്' വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കും. യുവാക്കൾക്ക് ടൂറിസം മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുക. മണ്ഡലം നേരിടുന്ന ഏറ്റവും കാതലായ പ്രശ്നം തൊഴിലില്ലായ്മയാണ്. യഥാർത്ഥ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തൊഴിൽ മേഖലകൾ മണലൂരിൽ സംഘടിപ്പിക്കും. അതുപോലെ തൊഴിൽ പരിശീലനത്തിനായി പഞ്ചായത്തുകളിൽ സ്മാർട്ട് റൂമുകൾ, പ്രാഥമികമായ പരീക്ഷകൾക്കായി യുവാക്കളെ ഒരുക്കാൻ വേണ്ടിയാണ് ഇത് തുറക്കുന്നത്. പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ തുറക്കുന്നതും പ്രധാന ലക്ഷ്യമായിരിക്കും.

## ഡിജിറ്റൽ ലിറ്ററസി സെന്റർ

ജനത്തിരക്കുള്ള പൊതു ഇടങ്ങളിൽ ബസ് സ്റ്റാന്റുകളിൽ ബ്രെസ്റ്റ് ഫീഡിംഗ് സെന്ററുകൾ തുറക്കും. സ്ത്രീകൾക്കായി ഡിജിറ്റൽ ലിറ്ററസി സെന്ററുകൾ സ്ഥാപിക്കും. ബാങ്കിംഗ് ഇടപാടുകൾ, ദൈനംദിന ക്രയവിക്രയങ്ങൾ ഡിജിറ്റൽ സുരക്ഷ എന്നിവക്കുവേണ്ടിയുള്ള ഈ പരിശീലന പരിപാടി വാർഡ് അടിസ്ഥാനത്തിൽ നടപ്പാക്കും.

കുട്ടികളുടെ ലഹരി ഉപയോഗത്തിനും അമിതമായ മൊബൈൽ അടിമത്തത്തിനും തടയിടേണ്ടതുണ്ട്. ഇതിന് വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പദ്ധതി കൊണ്ടുവരും.

മണ്ഡലത്തിലെ മുഴുവൻ കുട്ടികൾക്കുമായി വിവിധ കലാമത്സരങ്ങൾ നടത്തും. പ്രതിഭകളെ തിരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകും. അതിനായി വിവിധ കലാകാരന്മാരുടെ സഹായം തേടും.

## സ്ത്രീകൾക്കായി ഹൈപ്പർമാർക്കറ്റ്

സ്ത്രീകൾക്കുവേണ്ടി സ്ത്രീകൾതന്നെ നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുന്ന ഹൈപ്പർ മാർക്കറ്റ്. വിയറ്റ്നാമിലെ നാങ്കിംഗ് മാതൃകയിലുള്ള വിപുല ഹൈപ്പർമാർക്കറ്റുകളുമാണ് സ്വീകാര്യം. നാങ്കിങ്ങ് മാർക്കറ്റിൽ, ആ ചെറു പട്ടണത്തിലെ 1000 സ്ത്രീകൾ ആണ് ജോലി ചെയ്യുന്നത്. സ്ത്രീകൾ അവരുടെ വീടുകളിൽ ഉല്പാദിപ്പിക്കുന്നതെല്ലാം മാർക്കറ്റിൽ കൊണ്ടുവരുന്നു. അതോടൊപ്പം മാർക്കറ്റിന്റെ സ്ത്രീ മാനേജർമാർ പുറത്തുനിന്നുള്ള ഉല്പന്നങ്ങൾക്കും അവിടെ വിപണി കണ്ടെത്തുന്നു. നാങ്കിങ്ങിൽ സൂപ്പർമാർക്കറ്റിനു പുറമെ 200 സ്റ്റാളുകൾ കൂടിയുണ്ട്. എല്ലാം നിയന്ത്രിക്കുന്നത് സ്ത്രീകളാണ്. അത്തരത്തിൽ ഒരു മാർക്കറ്റ് സാധ്യത ഇവിടെയും ആരായും.

## പഠനവും തൊഴിലും ഒപ്പം

മണ്ഡലത്തിലെ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിചയപ്പെടുത്തും. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുമായി ഇതു സംബന്ധിച്ച് ധാരണയുണ്ടാക്കും.

## ലീഡർ കാന്റീൻ

സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകാനും പ്രധാന കേന്ദ്രങ്ങളിൽ ചുരുങ്ങിയ നിരക്കിൽ ഉച്ച ഭക്ഷണം നൽകാനും, ഹോട്ടലുകളിൽ സൗജന്യ ഭക്ഷണപ്പൊതികൾ സജ്ജീകരിക്കാനും ദേശീയാടി

സ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള ലീഡർ കാന്റീൻ മണ്ഡലത്തിൽ ഘട്ടംഘട്ടമായി നടപ്പാക്കും. സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്ന പദ്ധതി അരിമ്പൂരിൽ തുടങ്ങിയിട്ടുണ്ട്. അത് മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കും.

# ഫിഷറീസ്

## വാടാനപ്പിള്ളിയിൽ കേരളത്തിലെ ആദ്യത്തെ ഫിഷ് പാർക്ക്

മത്സ്യസംസ്കരണത്തിനും വിപണനത്തിനും വാടാനപ്പിള്ളി കേന്ദ്രമാക്കി പ്രത്യേക ഫിഷ്പാർക്ക്. മത്സ്യത്തൊഴിലാളികളുടെ കോർ ഗ്രൂപ്പുകൾക്ക് മത്സ്യം അന്നന്നു വിപണനം ചെയ്യാൻ ഒരു കുടക്കീഴിൽ പ്രത്യേക കേന്ദ്രം.

വിപണിയിലേക്കുള്ള വില്പനക്കും ചില്ലറ വില്പനക്കുമുള്ള ശീതീകരിച്ച വില്പനകേന്ദ്രങ്ങൾ. മത്സ്യസംസ്കരണത്തിനും വില്പനക്കും (ഉണക്കമീൻ) പ്രത്യേകമേഖല. ഉൾനാടൻ മത്സ്യമേഖലക്കായി പ്രത്യേകസ്റ്റാൾ. മത്സ്യബന്ധന ഉപകരണങ്ങളുടെ സ്റ്റോർ വേറെയും. മൊബൈൽ വില്പനരീതികൾ പരീക്ഷിക്കും.

## കടൽഭിത്തി ഉറപ്പാക്കും

സംസ്ഥാന ഗവൺമെന്റിന്റെ വിവിധ ഏജൻസികളുടെ സഹകരണത്തോടെ വാടാനപ്പിള്ളിയിൽ വിപുലമായ പുലിമുട്ട് പദ്ധതി നടപ്പാക്കും. കടലോരത്തിന്റെ സൗന്ദര്യവൽക്കരണവും ഇതിന്റെ ഭാഗമാക്കാം.

## ലൈവ് ഫിഷ് സെന്റർ

ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സ്ത്രീസംഘങ്ങൾക്ക് മത്സ്യം വില്ക്കുന്നതിനുവേണ്ടി വിവിധ കേന്ദ്രങ്ങളിൽ ലൈവ് ഫിഷ് സെന്റർ സ്ഥാപിക്കും.

# വയോജനക്ഷേമം

## വയോമിത്രം പദ്ധതി

പഞ്ചായത്തുകൾക്ക് പദ്ധതിയുണ്ടെങ്കിൽ വയോമിത്രം പദ്ധതി പ്രധാന കേന്ദ്രങ്ങളിൽ നടപ്പാക്കാൻ കഴിയും. ഇതിന് എം.എൽ.എ.യുടെ പ്രത്യേക സഹായം ഉണ്ടാകും.

## ഏകദിന ക്ലിനിക്ക്

ഡോക്ടർമാരുടേയും ആരോഗ്യ പ്രവർത്തകരുടേയും ഒരു സന്നദ്ധസംഘം രൂപീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലോ ആരോഗ്യകേന്ദ്രങ്ങളിലോ മാസംതോറും ഏകദിന വയോജന ക്ലിനിക്കുകൾ ആസൂത്രണം ചെയ്യും.

## വയോജന കലാസംഗമം

പുതിയ തലമുറയിലെ കലാകാരന്മാരും കലാസംഘങ്ങളും ചേർന്ന് വയോജനങ്ങളെ ആദരിക്കുന്ന കലാസംഗമങ്ങൾ നടത്തും. അതോടൊപ്പം അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കും. നാട്ടറിവുകളുടെ കൈമാറ്റത്തിനായി ഈ സംഗമങ്ങളെ ഉപയോഗപ്പെടുത്തും.

# കായികം

## 10 പഞ്ചായത്തിലും സ്പോർട്സ് കോംപ്ലക്സ്

മണലൂർ മണ്ഡലത്തിൽ കായികരംഗത്ത് കാര്യമായ മുന്നേറ്റമില്ല. ഓരോ പഞ്ചായത്തിലും ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ക്രിക്കറ്റ്, നീന്തൽ, ചെസ്, കബഡി, കരാട്ടെ, അത്‌ലറ്റിക്സ് എന്നിവക്കായി സംവിധാനം ഒരുക്കും. ഇതിന് തുടക്കത്തിൽതന്നെ കൃത്യമായൊരു ബജറ്റ് തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങലുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കും. എല്ലാ വർഷവും മണ്ഡലത്തിൽ ക്രിക്കറ്റ്, ഫുട്ബോൾ മേഖലകളും അത്‌ലറ്റിക്സും നടത്തും. എല്ലാ മേഖലയിലും പുതിയ പ്രതിഭകളെ കണ്ടെത്തി അവർക്ക് കൂടുതൽ പരിശീലനം നൽകാൻ അവസരമുണ്ടാക്കും.

## എം.എൽ.എ. ട്രോഫി

എല്ലാവർഷവും കായികോത്സവം നടത്തും. അതിനായി എം.എൽ.എ. ട്രോഫി ഏർപ്പെടുത്തും. മികച്ച കായികതാരങ്ങളെ കണ്ടെത്താനും അവരെ പരിശീലിപ്പിക്കാനും വിവിധ കായികസംഘടനകളുടെ സഹായത്തോടെ പരിശീലകരെ നിയോഗിക്കും.

## നീന്തൽ പരിശീലനം

മണ്ഡലത്തിലെ എല്ലാ കുട്ടികളേയും നീന്തൽ അഭ്യസിപ്പിക്കുന്നതിന് നീന്തൽ വിദഗ്ദ്ധരെ നിയോഗിക്കും. അരിമ്പൂർ പഞ്ചായത്തിൽ സാമൂഹ്യപ്രവർത്തകരുടെ ചുമതലയിൽ നടക്കുന്ന ഈ പദ്ധതി മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കും.

# പരിസ്ഥിതി സംരക്ഷണം

## മധുരം ഹരിതം 2026

പരിസ്ഥിതിദിനമായ ജൂൺ 5 മുതൽ മണലൂരിൽ ഉടനീളം ഒരു ലക്ഷം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കും. മധുരഫലങ്ങൾ നൽകുന്ന നാടൻ വൃക്ഷങ്ങൾക്ക് പരിഗണന നൽകുന്ന പദ്ധതിയാണ്. ഇത് എല്ലാ സർക്കാർ ഓഫീസുകളിലും വീടുകളിലും വിദ്യാലയങ്ങളിലും നടപ്പാക്കും.

- പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അന്നത്തെ ദിവസം മണ്ഡലത്തിലുടനീളം 'ഹരിതപ്രതിജ്ഞ' നടത്തും.
- പെരിങ്ങാട് പുഴ റിസർവ്വ് ഫോറസ്റ്റ് ആക്കാനുള്ള എൽ.ഡി.എഫ്. സർക്കാർ വിജ്ഞാപനം റദ്ദാക്കും.

# പ്രവാസികൾ നമ്മുടെ നട്ടെല്ല്

- മണ്ഡലത്തിലെ പ്രവാസി മലയാളികളുടെ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തും.
- തിരിച്ചുവരുന്ന പ്രവാസി മലയാളികൾക്ക് പുതിയ സംരംഭങ്ങൾ നടത്തുന്നതിന് പ്രത്യേക വർക്ക്ഷോപ്പ് സംഘടിപ്പിക്കും.
- പ്രവാസി മലയാളികളുടെ പുതുസംരംഭങ്ങൾക്ക് സാധ്യമായ സഹായങ്ങൾ നൽകും.

- കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്ന വ്യവസായസംരംഭങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകും.
- മണ്ഡലത്തിൽ പ്രവാസി മലയാളികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കും.

# വ്യവസായമേഖല

സാങ്കേതിക മേഖലയിലോ, ഉല്പാദനമേഖലയിലോ എടുത്തുപറയാൻ കഴിയുംവിധം തൊഴിൽദായകരായ വ്യവസായ കേന്ദ്രങ്ങൾ മണലൂരിൽ ഇല്ല എന്നുതന്നെ പറയാം. ഈ സാഹചര്യത്തിൽ കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കാൻ കഴിയുന്ന വ്യവസായങ്ങൾ കൊണ്ടുവരുന്നതിന് കൂടുതൽ ശ്രമം ആവശ്യമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ അധികമൊന്നും സൃഷ്ടിക്കാത്ത വ്യവസായ സംരംഭങ്ങളാണ് ഈ നാടിന് ആവശ്യം.

പ്രത്യേക മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ പരിഗണന നൽകും. അനുയോജ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ ഒരു ഐ.ടി. പാർക്ക് ഇവിടെ സാധ്യമാവും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യവസായ സംരംഭങ്ങൾക്ക് സാധ്യതയുണ്ടോ എന്ന കാര്യത്തിൽ പ്രാരംഭം നടത്തും. തയ്യൽത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ആധുനിക പരിശീലനം നൽകി ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കാൻ കഴിയുമോ എന്ന് പഠനം നടത്തും ഇതിന് എൻ.ആർ.ഐ. പ്രമുഖരുടെ സഹായം തേടും.

# സാംസ്കാരികം

## കൾച്ചറൽ കോംപ്ലക്സ്

ഒട്ടേറെ സാംസ്കാരിക നായകരുടെ ജന്മഭൂമിയാണ് ഈ മണ്ഡലം. അതുപോലെ ഗ്രാമീണ കലാകാരന്മാരുടെ മണ്ണ് കൂടിയാണ്. അതുകൊണ്ടുതന്നെ മണലൂരിന്റെ ഹൃദയഭാഗത്ത് ഒരു കൾച്ചറൽ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അവതരണത്തിനായുള്ള ഓഡിറ്റോറിയം, ഗ്രീൻ റൂം, പരിശീലനമുറികൾ, ഒരു ഡോർമിറ്ററി എന്നിവ ഉൾക്കൊള്ളുന്ന ഓഡിറ്റോറിയം, നാടകം, സംഗീതം, മറ്റു കലാപരിപാടികൾ നടത്തുവാൻ അനുയോജ്യമായിരിക്കും. മണ്ഡലത്തിലെ പ്രമുഖ സാംസ്കാരിക നായകരുടെ ഓർമ്മ പങ്കിടുന്ന ഒരു ഗാലറിയും ഉണ്ടാകും. കോവിലൻ, യൂസഫലി കേച്ചേരി, ഫാ. വടക്കൻ, പി.ടി. കുര്യാക്കോസ് മാസ്റ്റർ, വിദ്വാൻ കെ. പ്രകാശം, കെ.വി.എം., ആർ. നമ്പിയത്ത്, കെ.ബി. മേനോൻ, മിതവാദി സി. കൃഷ്ണൻ, സി.വി. കുഞ്ഞയ്യപ്പൻ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, കെ.പി. പ്രഭാകരൻ, എൻ.ഐ. ദേവസ്സിക്കുട്ടി, വി.എ. കേശവൻനായർ, പുത്തേഴത്ത് രാമമേനോൻ, കെ.ജി. സത്താർ, ബി.വി. സീതി തങ്ങൾ, തച്ചുശാസ്ത്ര വിദഗ്ദ്ധൻ എളവള്ളി നാരായണൻ ആചാരി, പരീത് ഗുരുക്കൾ, പി. നാരായണ മേനോൻ, സംസ്കൃതപണ്ഡിതൻ കാക്കശ്ശേരി ഭട്ടതിരി, സി.പി. ശങ്കരൻ നായർ, നരവംശ ശാസ്ത്രജ്ഞൻ ഡോ. അയ്യപ്പൻ, ദാരുശില്പി നാരായണാചാരി, വാസുദേവൻ ഇളയത്, രാധാകൃഷ്ണൻ വെങ്കിടങ്ങ്, ശാരദ ബാലകൃഷ്ണൻ, ധീരബാലൻ ചാളിപ്പാട്, സി.എഫ്. ജോർജ്ജ് മാസ്റ്റർ, കാസിം വാടാനപ്പിള്ളി, അറുമുഖൻ വെങ്കിടങ്ങ്, വർക്കി വടക്കൻ തുടങ്ങിയവരുടേയും മറ്റു പ്രമുഖരുടേയും ചിത്രങ്ങൾ ഗാലറിയിൽ സ്ഥാപിക്കും.

## അക്ഷര ദേവാലയം

പഠനത്തിലും വായനയിലും മികവു പുലർത്തുന്ന കുട്ടികൾക്കായി വീടുകളിൽ കൊച്ചു ഗ്രന്ഥശാല ഒരുക്കും. അതിന് അർഹതയുള്ള ഓരോ കുട്ടിയ്ക്കും ഒരു ബുക്ക് ഷെൽഫും പുസ്തകങ്ങളും സമ്മാനിക്കും. കുട്ടികളുടെ ഭാവനയും ബൗദ്ധിക നിലവാരവും ഉയർത്തുന്ന പുസ്തകങ്ങളും എൻസൈക്ലോപീഡിയയും ഇതിൽ ഉണ്ടാകും. ഭാവിയിൽ ഓരോ വീട്ടിലും അക്ഷരദേവാലയം യാഥാർത്ഥ്യമാക്കും.

## വായനശാല കം ഡിജിറ്റൽ സെന്റർ

ഓരോ വായനശാലയും ഡിജിറ്റൽ കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകും. വായനയെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾക്ക് മുൻഗണന നൽകും.

## മണലൂർ ഫെസ്റ്റിവൽ

വിവിധ കേന്ദ്രങ്ങളിലായി മണലൂർ ഫെസ്റ്റിവൽ നടത്തും. വാടാനപ്പിള്ളിയിൽ സ്ഥാപിക്കുന്ന ഹൃദയതീരത്ത് ബീച്ച് ഫെസ്റ്റിവലും, കണ്ടശ്ശാംകടവിലെ സൗഹൃദ തീരത്ത് നാടകവാരവും, പാവറട്ടിയിൽ കായൽ ഫെസ്റ്റിവലും, മുല്ലശ്ശേരിയിൽ കലോത്സവവും, കണ്ടാണശ്ശേരിയിൽ ഗ്രാമീണമേളയും, വെങ്കിടങ്ങിൽ ഫോക്ക് ഫെസ്റ്റിവലും, തൈക്കാട് കരകൗശലമേളയും, അരിമ്പൂരിൽ ലിറ്ററി ഫെസ്റ്റിവലും നടത്തും. എളവള്ളിയിലും ചൂണ്ടലിലും ഓണം ഫെസ്റ്റിവൽ ഉണ്ടാകും.

# മൃഗസംരക്ഷണം

## ജീവന്റെ ജീവൻ – മണലൂരിന് നൂതന പദ്ധതി

- കാരുണ്യവും അനുതാപവും സൃഷ്ടിവൈഭവവും ഒരുപോലെ കുട്ടികളിൽ വളർത്താൻവേണ്ടി മണ്ഡലത്തിൽ പ്രത്യേകമായി ആവിഷ്കരിക്കുന്ന പദ്ധതി.
- പഠനത്തോടൊപ്പം കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിന് തിരഞ്ഞെടുത്ത വീടുകളിൽ ആട്ടിൻകുട്ടിയെ വളർത്താനുള്ള പദ്ധതിയാണ്. ഓരോ പഞ്ചായത്തിലും ഇതിനായി ഒരു മേൽനോട്ട സമിതിയെ നിയോഗിക്കും.

## ക്ഷീരകർഷകർക്ക് കൂട്ടായ്മ

- മണ്ഡലത്തിൽ ക്ഷീര കർഷകരുടെ കൂട്ടായ്മയുണ്ടാക്കും.
- തൈക്കാട് ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ ഉൾക്കൊണ്ട് പരിഹാരമാർഗ്ഗം തേടും.

## തെരുവ് നായ് പ്രശ്നം

- തെരുവുനായ്ക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അടിയന്തിര ഇടപെടൽ നടത്തും. തെരുവുനായ വന്ധ്യംകരണം ഘട്ടംഘട്ടമായി നടപ്പാക്കും.
- തെരുവുനായ്ക്കളെ വളർത്താൻ താല്പര്യമുള്ള കുടുംബങ്ങൾക്ക് അവയെ ഏൽപ്പിക്കുകയാണ് ഒരു പോംവഴി. അതിനു തയ്യാറായവർക്ക് കൂടും നൽകും.
- തെരുവുനായ്ക്കളുടെ ഷെൽട്ടർ സംവിധാനം ഫലപ്രദമാണോ എന്ന് പരിശോധിക്കും.

പ്രതീക്ഷയാണ് പ്രതാപൻ

കേരളം ജയിക്കും UDF നയിക്കും

**01 മദർ തെരേസ ഡയാലിസിസ് സെന്റർ**

കാത്തിരിപ്പില്ലാത്ത കനിവ്; സൗജന്യ ഡയാലിസിസ് സെന്റർ

**02 ഇന്ദിര ഫാർമസി**

അർഹരായ രോഗികൾക്ക് സൗജന്യ നിരക്കിൽ ജീവൻരക്ഷാ മരുന്നുകൾ

**03 ലീഡർ ക്യാന്റീൻ**

വിശപ്പില്ലാത്ത മണലൂർ; 10 രൂപ നിരക്കിൽ ജനകീയ ഉച്ചയൂണും സ്കൂളുകളിൽ പ്രഭാത ഭക്ഷണവും

**04 Dr. എ.പി.ജെ. അബ്ദുൽ കലാം AI-ലാബ്**

സ്കൂളുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും

**05 രാജീവ് ഗാന്ധി സ്റ്റാർട്ടപ്പ് പാർക്ക്**

നാടുവിടണ്ട, നാട്ടിൽ വളരാം; പ്രവാസി നിക്ഷേപത്തിലൂടെ യുവജനങ്ങൾക്ക് തൊഴിൽ വിപ്ലവം

**06 മണലൂർ ബ്രാൻഡ്**

നമ്മുടെ മണ്ണ്, നമ്മുടെ ബ്രാൻഡ്; കാർഷിക വിഭവങ്ങളും തനതു കരകൗശല വസ്തുക്കളും ലോക വിപണിയിലേക്ക്

**07 മണലൂർ മഹിമ ലൈഫ് ഫെസ്റ്റിവൽ**

പൈതൃകം വിളിച്ചോതുന്ന ജനകീയ കലാ-സാംസ്കാരിക വസന്തം എല്ലാ ഗ്രാമങ്ങളിലും

**08 പെരിങ്ങാടിന് ഫ്രീഡം**

പെരിങ്ങാട് പുഴ റിസർവ്വ് വനമാക്കാനുള്ള ഇടതുപക്ഷ സർക്കാറിന്റെ വിജ്ഞാപനം റദ്ദാക്കും

**09 ഹൃദയതീരം**

വാടാനപ്പള്ളി ബീച്ചിനെയും കനോലി കനാലിനെയും കായൽ തീരങ്ങളെയും കോൾ നിലങ്ങളെയും ബന്ധപ്പെടുത്തി ഗ്രാമീണ ടൂറിസം വിപ്ലവം

**10 നിയോജക മണ്ഡലം വികസന സമിതി (CDC)**

ഇന്ത്യയിൽ ആദ്യമായി വികസന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതി

# മണലൂരിന്റെ പാഴായ 10 വർഷത്തിന് പ്രതാപന്റെ 10 ഗ്യാരണ്ടികൾ

## 10 മാസം,10 ഗ്യാരണ്ടികൾ



സ്നേഹപൂർവ്വം

ടി.എൻ പ്രതാപൻ


പ്രതീക്ഷയാണ്
പ്രതാപൻ